(സി) പാർശ്വവൽക്കൃതർക്ക് ഇതിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിവരിക്കാമോ ; ആദ്യഘട്ടത്തിൽ എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വീ-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിവരുന്നു.

(സി) സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആവശ്യമായ സാമൂഹ്യസുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഫണ്ടിനുപുറമെ ആവശ്യമായ വിഭവം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നും സമാഹരിക്കുന്നു. ഇത്തരത്തിൽ 1000 പേർക്ക് 'മിഷൻ 676'ൽ ഉൾപ്പെടുത്തി സഹായം നൽകുവാനുദ്ദേശിക്കുന്നു.

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വീ-കെയർ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രത്യാശ പദ്ധതി

218 (7517) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതകൾക്കായി 'പ്രത്യാശ' എന്ന പേരിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിയുമായി ഏതെല്ലാം സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ട് ; അവയുടെ പേരും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കുന്ന വിവാഹധനസഹായ പദ്ധതിയാണ് 'പ്രത്യാശ'. 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ

LIBRARY ARCHIVES Kerala Legislative Assembly

കുടുംബ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. അംഗപരിമിതർ, നിത്യരോഗികളായവർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകർക്കാണ് ധനസഹായത്തിനായി മുൻഗണന നൽകുന്നത്. 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിച്ചുവരുന്നത്.

(സി) നിലവിൽ മലബാർ ഗോൾഡ് & ഡയമണ്ട്സ് എന്ന ഒരു സ്വകാര്യ ഏജൻസിയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. പദ്ധതി ചെലവിന്റെ 50% കേരള സാമൂഹ്യ സുരക്ഷാ മിഷനും 50% മലബാർ ഗോൾഡ് & ഡയമണ്ട്സും വഹിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) 3071 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെപറയും പ്രകാരമാകുന്നു:

ജില്ല	അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	598
കൊല്ലം	94
പത്തനംതിട്ട	26
ആലപ്പുഴ	220
കോട്ടയം	231
ഇടുക്കി	100
എറണാകുളം	210
തൃശ്ശൂർ	156
പാലക്കാട്	82
മലപ്പുറം	212
കോഴിക്കോട്	339
വയനാട്	198
കണ്ണൂർ	136
കാസർഗോഡ്	469
ആകെ	3071

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 594 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ജില്ല	ധനസഹായം അനുവദിച്ചത്
തിരുവനന്തപുരം	225
കൊല്ലം	31
പത്തനംതിട്ട	10
ആലപ്പുഴ	65
കോട്ടയം	62
ഇടുക്കി	27
എറണാകുളം	14
തൃശ്ശൂർ	3
പാലക്കാട്	12
മലപ്പുറം	60
കോഴിക്കോട്	48
വയനാട്	8
കണ്ണൂർ	10
കാസർഗോഡ്	19
ആകെ	594

വയോമിത്രം പദ്ധതി

219 (7518) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധജനങ്ങൾക്കായി 'വയോമിത്രം' എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) സർക്കാരിന് പുറമേ മറ്റ് ഏതെങ്കിലും ഏജൻസികൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏജൻസികളുടെ പേരും അവരുടെ പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ഇ) നിലവിൽ എത്ര വയോമിത്രം യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly